LIBRARY ARCHIVES Kerala Legislative Assembly

പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഹയർസെക്കന്ററി അദ്ധ്യാപക ഒഴിവുകൾ

129 [3309] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ പി.എസ്.സി. വഴിയുള്ള അദ്ധ്യാപക നിയമനങ്ങൾക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എക്കണോമിക്സ് വിഷയത്തിൽ സീനിയർ-ജൂനിയർ വിഭാഗങ്ങളിൽ എത്ര ഒഴിവുകളാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(സി) ഇപ്പോൾ ഏതു വർഷം വരെയുള്ള ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഡി) 2004-2005 അദ്ധ്യയന വർഷത്തെ ഒഴിവുകൾകൂടി പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി മുതൽ ഡി വരെ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

വി. എച്ച്. എസ്. ഇ. വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അദ്ധ്യാപകരായുള്ള പ്രൊമോഷൻ

130 [3310] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അദ്ധ്യാപക തസ്തികയിൽ എത്ര ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) അദ്ധ്യാപകരാകാൻ യോഗ്യതയുള്ള എത്ര പേർ മിനിസ്റ്റീരിയൽ സ്റ്റാഫിലുണ്ട്.

(സി) യോഗ്യതയുള്ള മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അദ്ധ്യാപകരായി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തു ശതമാനം.

(ബി) സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യതയുള്ള ആരുമില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.